ചന്ദ്രിക



ലോക സമുദ്ര ദിനത്തിൽ അഴീക്കോട് മുനക്കൽ ബീച്ചിൽ സമുദ്ര മാലിന്യ സർവേയും ശുചീകരണവും നടത്തിയപ്പോൾ

# സമുദ്ര മാലിന്യ സർവ്വേയും ശുചീകരണവും

എറിയാട്: കേരള സർവ്വകലാശാലയും ഫിഷറീസ് വകുപ്പും കേരളത്തിലെ പ്രാദേശിക സ്ഥാപനങ്ങളുമായി സഹകരിച്ച് ലോക സമുദ്രദിനത്തിൽ സമഗ്രതീര ശുചീകരണ പദ്ധതിയും സമുദ്ര മാലിന്യ സർവ്വേയും നടത്തി. പി.വെമ്പല്ലൂർ എം.ഇ.എസ് അസ്മാബി കോളജിലെ ബി.വോക് ഫിഷ് പ്രോസസിംഗ് ടെക്നോളജി വിഭാഗവും, ബോട്ടണി ഗവേഷണ വിഭാഗവും, സ്വച്ഛ് ഭാരതവും സംയുക്തമായി അഴീക്കോട് മുനക്കൽ ബീച്ചിൽ വെച്ച് തൃശൂർ ജില്ലയിലെ പരിപാടി സംഘടിപ്പിച്ചു.

പരിപാടി യുടെ ജില്ലാതല ഉദ്ഘാടനം അഴീക്കോട് മുനക്കൽ ബീച്ചിൽ വെച്ച് ഇ.ടി ടൈസൺ എം.എൽ.എ നിർവ്വഹിച്ചു. എം.ഇ.എസ് അസ്മാബി കോളജ് ബോട്ടണി വിഭാഗം അദ്ധ്യാപകൻ ഡോ: കെ.എച്ച് അമിതാബച്ചൻ സ്വാഗതം പറഞ്ഞു. കേരള യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെൻറ് ഓഫ് അക്വാട്ടിക് ബയോളജി ആൻറ് ഫിഷറീസ് വിഭാഗം അദ്ധ്യാപകൻ ഡോ: കുര്യൻ മാത്യൂ എബ്രഹാം സമുദ്രങ്ങളെ സംരക്ഷിക്കുന്നതിന്റെ ആവശ്യകതയും സമുദ്ര ആവാസ വ്യവസ്ഥയുടെ ആരോഗ്യം സംരക്ഷിക്കുന്നതിനെ കുറിച്ചും സംസാരിച്ചു. ബി.വോക് ഫിഷ് പ്രോസസിംഗ് ആൻറ് ടെക്നോളജി വിഭാഗം മേധാവി ഡോ: സയന കെ.എ. അഴീക്കോട് ഫിഷറീസ് എക്സ്റ്റൻ ഓഫീസർ . ലീന തോമസ്, കാലടി ശ്രീ.ശങ്കര കോളജിലെ സുവോളജി വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ രേവതി ബാബു, കേരള യൂണിവേഴ്സിറ്റിയിലെ അക്വാട്ടിക് ബയോളജി ആൻറ് ഫിഷറീസ് വിഭാഗം പ്രോസ്റ്റ് ഡോക്ടറൽ ഫെല്ലോ ഡോ: പി. കാർത്തികേയൻ എന്നിവർ ആശംസകൾ അർപ്പിച്ചു. കോമേഴ്സ് വിഭാഗം മേധാവിയും സ്വച്ഛ്ഭാരത് കോർഡിനേറ്ററുമായ . ദീപ കെ.എ. നന്ദി പറഞ്ഞു.

Kochi Edition
Jun 9, 2023 Page No. 1
Powered by : eReleGo.com